# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:12.06.2025**

## പ്രധാനവാർത്തകൾ

1) എയർ ഇന്ത്യാ യാത്രാവിമാനം ഗുജറാത്തിലെ അഹമ്മദാബാദ് വിമാനത്താവളത്തിന് സമീപം തകർന്നുവീണ് വൻദുരന്തം. വിമാനത്തിലുണ്ടായിരുന്നത് 242 പേർ. ദുരന്തത്തിനിരയായവരിൽ പത്തനംതിട്ട സ്വദേശിനിയും.
2) ദുരന്തബാധിതർക്കൊപ്പം രാജ്യം നിലകൊള്ളുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. ഹൃദയഭേദകമായ ദുരന്തമാണുണ്ടായതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ദുരന്ത സാഹചര്യം നേരിട്ട് വിലയിരുത്തുന്നതിനായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അൽപസമയത്തിനകം അഹമ്മദാബാദിലെത്തും.
3) ദേശീയ ദുരന്ത നിവാരണ നിയമത്തിൽ നിന്നും 13-ാം വകുപ്പ് ഒഴിവാക്കിയതിനെതിരെ പ്രധാനമന്ത്രിക്ക് കത്തയച്ച് മുഖ്യമന്ത്രി പിണറായി വിജയൻ
4) നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന് ഏഴ് ദിവസം മാത്രം ശേഷിക്കേ പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ.

RNUTVPM

5) സംസ്ഥാനത്ത് മഴ കനക്കും. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത .കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&&

## എയർഇന്ത്യ

എയർ ഇന്ത്യാ യാത്രാവിമാനം ഗുജറാത്തിലെ അഹമ്മദാബാദ് വിമാനത്താവളത്തിന് സമീപം തകർന്നുവീണ് വൻദുരന്തം. നിരവധിപ്പേർ മരിച്ചതായാണ് വിവരം. ഗുരുതരമായി പരിക്കേറ്റവരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. അഹമ്മദാബാദിൽ നിന്നും ലണ്ടനിലേക്ക് പോവുകയായിരുന്ന AI-171 വിമാനത്തിൽ 12 ജീവനക്കാരുൾപ്പെടെ 242 പേരാണ് ഉണ്ടായിരുന്നത്. യാത്രക്കാരിൽ 169 ഇന്ത്യക്കാർക്ക് പുറമേ, 53 ബ്രിട്ടീഷ് പൗരന്മാരും, 7 പോർച്ചുഗൽ പൗരന്മാരും, ഒരു കനേഡിയൻ പൗരനും ഉൾപ്പെടുന്നു. പത്തനംതിട്ട പുല്ലാട് സ്വദേശിനി രഞ്ജിത ഗോപകുമാരൻ നായരും അപകടത്തിൽ മരിച്ചവരിൽ ഉൾപ്പെടുന്നു. അഹമ്മദാബാദിലെ മേഘാനി നഗർ മേഖലയിലാണ് അപകടമുണ്ടായത്. ഉച്ചതിരിഞ്ഞ് 1.38 ഓടെ പറന്നുയർന്ന വിമാനം മിനുട്ടുകൾക്കകം താഴെവീണ് തകർന്ന് തീപിടിക്കുകയായിരുന്നു. ദേശീയ ദുരന്ത നിവാരണ സേനയും, അഗ്നിശമന വിഭാഗവും, പോലീസും, സിഐഎസ്എഫും ഉടൻ തന്നെ അപകടസ്ഥലത്തെത്തി രക്ഷാപ്രവർത്തനങ്ങൾ ആരംഭിച്ചു. കരസേനാംഗങ്ങളെയും ദൗത്യത്തിനായി നിയോഗിച്ചിട്ടുണ്ട്. അപകടത്തിൻറെ

RNJ TVPM

കാരണം അറിയുന്നതിനായി വ്യോമയാന മന്ത്രാലയം അന്വേഷണം പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി

രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയുമുൾപ്പെടെയുള്ള പ്രമുഖർ വിമാനാപകടത്തിൽ അതീവ ദു:ഖം രേഖപ്പെടുത്തി. അതിദാരുണമായ അപകടമാണുണ്ടായതെന്നും, ദുരന്ത ബാധിതർക്കൊപ്പം രാജ്യം നിലകൊള്ളുന്നതായും രാഷ്ട്രപതി ദ്രൗപദി മുർമു അനുശോചന സന്ദേശത്തിൽ കുറിച്ചു. ഹൃദയഭേദകമായ ദുരന്തമാണ് അഹമ്മദാബാദിൽ സംഭവിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു . മന്ത്രിമാരുമായും, അധികൃതരുമായും സംസാരിച്ച് അദ്ദേഹം ദുരന്ത സാഹചര്യം വിലയിരുത്തി. എല്ലാ അടിയന്തര സഹായവും ഉറപ്പുവരുത്തണമെന്നും പ്രധാനമന്ത്രി നിർദ്ദേശിച്ചു. കേന്ദ്ര മന്ത്രിമാരും, പ്രതിപക്ഷ നേതാക്കളും ഉൾപ്പെടെയുള്ള പ്രമുഖരും വിമാനാപകടത്തിൽ അനുശോചനം രേഖപ്പെടുത്തി. ദുരന്ത സാഹചര്യം നേരിട്ട് വിലയിരുത്തുന്നതിനായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും, സിവിൽ വ്യോമയാന മന്ത്രി റാം മോഹൻ നായിഡുവും അൽപസമയത്തിനകം അഹമ്മദാബാദിൽ

RNU TVPM

എത്തും. ദുരന്തത്തിൽ ദുഖം രേഖപ്പെടുത്തിയ എയർ ഇന്ത്യ ചെയർമാൻ എൻ ചന്ദ്രശേഖരൻ രക്ഷാ പ്രവർത്തനത്തിന് സാധ്യമായ എല്ലാ സഹായങ്ങളും എയർ ഇന്ത്യ നൽകുമെന്ന് അറിയിച്ചു.

&&&&&&&&&&&&&&&&&&&

വ്യോമയാന സഹമന്ത്രി ( ഇൻട്രോ )

വിമാനാപകടത്തിൻറെ പശ്ചാത്തലത്തിൽ, വ്യോമയാന സഹമന്ത്രി മുരളീധർ മോഹോളിന്റെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ ഉദ്യോഗസ്ഥതല യോഗം ചേർന്നു. അപകട സാഹചര്യവും, രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങളും യോഗം വിലയിരുത്തി. അന്വേഷണം പുരോഗമിക്കുന്നതായും കേന്ദ്രമന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.
( വോയിസ്....)

&&&&&&&&&&&&&&&&&&&

വിമാനത്താവളം + ട്രെയിൻ സർവീസ്

വിമാനാപകടത്തെ തുടർന്ന് നിർത്തിവച്ചിരുന്ന അഹമ്മദാബാദ് വിമാനത്താവളത്തിന്റെ പ്രവർത്തനം 4 മണിയോടെ നിയന്ത്രിതമായി പുനഃരാരംഭിച്ചു. വിമാന സർവീസുകൾ സംബന്ധിച്ച വിവരങ്ങൾക്ക് യാത്രക്കാർ അതത് വിമാനക്കമ്പനികളുമായി

RNU TVPM

ബന്ധപ്പെടേണ്ടതാണ്. അഹമ്മദാബാദിൽ നിന്നുള്ള യാത്രക്കാരുടെ സൗകര്യാർത്ഥം ഇന്ത്യൻ റെയിൽവേ രണ്ട് പ്രത്യേക ട്രെയിൻ സർവീസുകളും ഏർപ്പെടുത്തി. അഹമ്മദാബാദിൽ നിന്ന് മുംബൈയിലേക്കും ന്യൂഡൽഹിയിലേക്കുമാണ് സർവീസുകൾ.

&&&&&&&&&&&&&&&&&&&

## സഹായ നമ്പർ

അപകടവുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനായി 18 00 56 91 444 എന്ന പാസഞ്ചർ ഹോട്ട്ലൈൻ നമ്പർ സജ്ജീകരിച്ചതായി എയർ ഇന്ത്യ അറിയിച്ചു. അഹമ്മദാബാദ് വിമാനത്താവളത്തിലും 99 74 11 13 27 എന്ന നമ്പരിൽ ഹെൽപ്പ്ലൈൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയവും 011-24 61 08 43,

96 50 39 18 59 എന്നീ നമ്പരുകളിൽ കൺട്രോൾ റൂം സജ്ജീകരിച്ചു.

&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി കത്ത്

2005 ലെ ദേശീയ ദുരന്ത നിവാരണ നിയമത്തിൽ നിന്നും 13-ാം വകുപ്പ് ഒഴിവാക്കി നിയമം ഭേദഗതി ചെയ്യുതിനെതിരെ മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രിക്ക്

RNU TVPM

കത്തയച്ചു. ഈ വകുപ്പ് നീക്കം ചെയ്യുന്നത് പ്രകൃതിദുരന്തങ്ങൾക്ക് ഇരയായവരെ കൂടുതൽ ദുരിതത്തിലാക്കുമെന്ന് മുഖ്യമന്ത്രി കത്തിൽ ചൂണ്ടിക്കാട്ടി. വിഷയത്തിൽ പ്രധാനമന്ത്രി അടിയന്തരമായി ഇടപെടണമെന്നും, 13-ാം വകുപ്പ് പുനഃസ്ഥാപിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും മുഖ്യമന്ത്രി കത്തിൽ അഭ്യർത്ഥിച്ചു. വയനാട് ഉരുൾപൊട്ടൽ ബാധിതരുടെ വായ്പ എഴുതിത്തള്ളാൻ ഇതുമൂലം സാധിക്കില്ലെന്ന് ഹൈക്കോടതിയിൽ കേന്ദ്ര സർക്കാർ സത്യവാങ്മൂലം നൽകിയിരുന്നു.

&&&&&&&&&&&&&&&&&&&

ഉപതിരഞ്ഞെടുപ്പ് പ്രചാരണം(ഇൻട്രോ)

ഈ മാസം 19 ന് ഉപതിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന നിലമ്പൂരിൽ പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. എൽ ഡി എഫ് സ്ഥാനാർഥി എം സ്വരാജ്, യു ഡി എഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത് ,എൻ ഡി എ സ്ഥാനാർഥി മോഹൻ ജോർജ് എന്നിവർ പഞ്ചായത്തുതല പ്രചാരണം തുടരുകയാണ്. സ്വതന്ത്ര സ്ഥാനാർഥി പി.വി.അൻവറും പ്രചാരണ രംഗത്ത് സജീവമാണ്. വോട്ടെണ്ണൽ 23 ന് നടക്കും.

RNI TVPM

കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു....
( വോയിസ്....)

&&&&&&&&&&&&&&&&&&&

**കോഴിക്കോട് കപ്പൽ**

കോഴിക്കോട് തീരത്തിന് സമീപം അപകടത്തിൽപ്പെട്ട സിംഗപ്പൂർ കപ്പലിലെ തീ പൂർണമായും കെടുത്തുന്നതിനുള്ള ശ്രമം തുടരുന്നു. തീ ഇതിനകം തന്നെ ഭാഗികമായി നിയന്ത്രണ വിധേയമാക്കിയിരുന്നു. വെള്ളം ഉപയോഗിച്ച് തീയണയ്ക്കാനുള്ള ശ്രമം പരാജയപ്പെട്ടതിനെ തുടർന്ന് ഹെലികോപ്ടർ മാർഗം ഡ്രൈ കെമിക്കൽ പൗഡർ വിതറുകയാണ്. തീര രക്ഷാസേനയുടെ കപ്പലുകളും, വ്യോമസേനാ ഹെലികോപ്റ്ററുകളും രക്ഷാദൗത്യത്തിൽ പങ്കെടുക്കുന്നു.

RNUTVPM

&&&&&&&&&&&&&&&&&&&

**കോവിഡ്**

രാജ്യത്ത് നിലവിൽ 7,154 പേർ കോവിഡ് ചികിത്സയിൽ കഴിയുന്നതായി കേന്ദ്ര ആരോഗ്യമന്ത്രാലയം. ഏറ്റവും കൂടുതൽ കോവിഡ് ബാധിതരുള്ള കേരളത്തിൽ 2,165 പേരാണ് ചികിത്സയിലുള്ളത്. സംസ്ഥാനത്ത് ഇന്നലെ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണത്തിൽ മുൻ ദിവസത്തേക്കാൾ കുറവ് വന്നിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

## പടിയൂർ ഇരട്ടക്കൊലപാതകം പ്രതി

തൃശൂർ പടിയൂർ ഇരട്ടക്കൊലപാതക കേസിലെ പ്രതി പ്രേംകുമാറിനെ ഉത്തരാഖണ്ഡിൽ മരിച്ച നിലയിൽ കണ്ടെത്തി. ഭാര്യയെയും ഭാര്യാമാതാവിനെയും കൊലപ്പെടുത്തിയ കേസിൽ പോലീസ് തിരയുന്നതിനിടെയാണ് ഇയാളെ മരിച്ച നിലയിൽ കണ്ടെത്തിയത്.

&&&&&&&&&&&&&&&&&&&

PNUTVPM

## കാലാവസ്ഥ

സംസ്ഥാനത്ത് മഴ കനക്കുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. കോട്ടയം മുതൽ വയനാട് വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. നാളെ കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 16 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&&

## മിന്നൽ ചുഴലി - തൃശൂർ

തൃശൂർ ചാവക്കാട് മിന്നൽ ചുഴലിയിൽ തിരുവത്ര പുത്തൻ കടപ്പുറം എച്ച് ഐ മദ്രസ പരിസരത്ത് വ്യാപക നാശനഷ്ടം. ഓട് മേഞ്ഞ വീടിന്റെ മേൽക്കൂര തകർന്ന് വീണ് രണ്ടുപേർക്ക് പരിക്കേറ്റു.

&&&&&&&&&&&&&&&&&&&

**പരീക്ഷാ കേന്ദ്രം മാറ്റം**

കെ.എ.എസ് ഓഫീസർ തസ്തികയിലേക്ക് മറ്റന്നാൾ നടത്തുന്ന ഒ.എം.ആർ പരീക്ഷയുടെ തിരുവനന്തപുരം, കോട്ടയം ജില്ലകളിലെ രണ്ട് പരീക്ഷാ കേന്ദ്രങ്ങളിൽ മാറ്റമുണ്ടെന്ന് പി.എസ്.സി. അറിയിച്ചു. തിരുവനന്തപുരം വലിയതുറ സെൻറ് ആൻറണീസ് എച്ച്.എസ്.എസിലെ പരീക്ഷാ കേന്ദ്രം ലൂർദ് പുരം സെൻറ് ഹെലെൻസ് ജി.എച്ച്.എസിലേക്കും, ഏറ്റുമാനൂർ ഗവൺമെൻറ് ഗേൾസ് എച്ച്.എസിലേത് ഏറ്റുമാനൂർ ഗവൺമെൻറ് വി.എച്ച്.എസ്.എസിലേക്കുമാണ് മാറ്റിയത്.

RIJU TVPM

&&&&&&&&&&&&&&&&&&&

**സ്വർണം-ഓഹരി**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 823 പോയിന്റ് നഷ്ടത്തിൽ 81,691 ലും, നിഫ്റ്റി 253 പോയിന്റ് കുറഞ്ഞ് 24,888 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ വർധന. ഗ്രാമിന് 80 രൂപ കൂടി 9,100

രൂപയും, പവന് 640 രൂപ വർധിച്ച് 72,800 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## യോഗ

ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച്, ഭൂമിക്കും ഏകാരോഗ്യത്തിനും യോഗ എന്ന പ്രമേയത്തിൽ രാജ്യത്തുടനീളം ഒരു ലക്ഷത്തിലധികം യോഗ പരിപാടികൾ ആയുഷ് മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കും. 21-ന് രാവിലെ 6:30 മുതൽ 7:40 വരെ ആയിരിക്കും പരിപാടികൾ നടക്കുക. ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് സംഘടിപ്പിക്കുന്ന പ്രധാന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.

RNUTVPM

&&&&&&&&&&&&&&&&&&

## കാലാവധി കഴിഞ്ഞ മരുന്ന്

പാലിയേറ്റീവ് കെയറിൽ കഴിയുന്ന കിടപ്പ് രോഗിക്ക് കാലാവധി കഴിഞ്ഞ മരുന്നുകൾ നൽകിയ കോഴിക്കോട്ടെ വ്യാജ ഡോക്ടർക്കെതിരെ നടപടി സ്വീകരിച്ച് ഡ്രഗ്സ് കൺട്രോൾ വകുപ്പ്. മാറാട് മെഡിക്കൽ സെൻറർ എന്ന സ്ഥാപനത്തിൽ ഡ്രഗ്സ് കൺട്രോൾ വിഭാഗം റെയ്ഡ്

നടത്തി. സ്ഥാപന ഉടമയായ ഇ.കെ. കണ്ണനെതിരെ പോലീസ് കേസെടുത്തു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM